Draft #1 of File 44800/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 21-Sep-2020 10:13 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾസെൻററിലേയും പി. ജി.പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 18.09.2020, 02.00 പി.എം ന് പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്ന CAT മോണിറ്ററിംഗ് കമ്മറ്റി യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4184/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.09.2020

---

*പരാമർശം:*-(1) പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പ്രൊ- വൈസ് ചാൻസലറുടെ ഓഫീസിൽ 18.09.2020, 02.00പി.എം-ന് ചേർന്ന CAT മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൻറെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും 2020 വർഷത്തെ പി. ജി.പ്രവേശനത്തിനായി 2020 ഒക്ടോബർ മാസം 6,7 തീയതികളിൽ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുവാനായി 18.09.2020, 02.00 പി.എം ന് പ്രൊ- വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ പ്രൊ- വൈസ് ചാൻസലറുടെ ഓഫീസിൽ ചേർന്ന CAT മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൽ, മേൽ പരാമർശം പ്രകാരം, താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

1. മുൻ വർഷങ്ങളിൽ CAT ന് ഒരു പരീക്ഷാ ഹാളിൽ 30 വിദ്യാർത്ഥിളെ വീതം പ്രവേശിപ്പിച്ചിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൻറെ ഭാഗമായി ഈ വർഷം അത് ഒരു ഹാളിൽ 20 വിദ്യാർത്ഥികൾ ആയി പരിമിതപ്പെടുത്തിക്കൊണ്ട് പരീക്ഷ നടത്താവുന്നതാണെന്ന് ശിപാർശ ചെയ്തു.
2. തെർമൽ സ്കാനിങ്ങിന് ശേഷം താപനില നിശ്ചിത പരിധിക്കുമേൽ കാണിക്കുന്ന പരീക്ഷാർത്ഥികളെ മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകാത്ത രീതിയിൽ പ്രത്യേകം സജ്ജമാക്കിയ പരീക്ഷ ഹാൾ ഏർപ്പെടുത്തുവാനും പ്രത്യേകം ഇൻവിജിലേറ്ററിനെ ഏർപ്പെടുത്തുവാനും ശിപാർശ ചെയ്തു.
3. Quarantine ൽ പ്രവേശിച്ചിരിക്കുന്ന വ്യക്തികൾ താമസിക്കുന്ന വീടുകളിൽ നിന്നോ Containment Zone ൽ നിന്നോ വരുന്ന പരീക്ഷാർത്ഥികൾ പരീക്ഷാ ജോലിയുള്ള ഉദ്യോഗസ്ഥരുടെ മുൻപിൽ റിപ്പോർട്ട് ചെയ്യണമെന്നുള്ള അറിയിപ്പ് നൽകാവുന്നതും ഇവർക്ക് മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകാത്ത രീതിയിൽ പ്രത്യേകം സജ്ജമാക്കിയ പരീക്ഷ ഹാളും ഇൻവിജിലേറ്ററെയും ഏർപ്പെടുത്തുവാനും ശിപാർശ ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. പരീക്ഷാ കേന്ദ്രത്തിലും പരിസരത്തും പരീക്ഷാർത്ഥികളും ഇവരോടൊപ്പം വരുന്നവരും കൂട്ടം കൂടിനിൽക്കുന്നത്ഒഴിവാക്കണമെന്നും പരീക്ഷാർഥികൾ എല്ലാവരും നിർബന്ധമായും മുഖാവരണം ധരിക്കണമെന്നും പരീക്ഷാ സമയത്ത് ഹാൻഡ് ഗ്ലൗസ് ഉപയോഗിക്കണമെന്നും പരീക്ഷയ്ക്ക് ശേഷം ഘട്ടം ഘട്ടമായി മാത്രമേ പരീക്ഷാ ഹാളിൽനിന്നും പുറത്തിറങ്ങുവാൻ അനുവദിക്കുകയുള്ളൂ എന്ന നിർദേശവും, പരീക്ഷാർത്ഥികൾ തങ്ങൾക്ക് കോവിഡ് 19 ഇല്ല എന്നുള്ള സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുമുള്ള നിർദേശവും നൽകാവുന്നതാണെന്ന് ശിപാർശചെയ്തു
5. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷ നടക്കുന്ന കേന്ദ്രങ്ങളിലെ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പരീക്ഷാർത്ഥികളുടെയും സുരക്ഷാ ഉറപ്പാക്കിക്കൊണ്ട് പ്രവേശന പരീക്ഷ നടത്തുന്നതിൻറെ ഭാഗമായി പരീക്ഷാ ഹാൾ നിശ്ചിത ഇടവേളകളിൽ അണുനശീകരണം ചെയ്യുന്നതിനുള്ള സാധന സാമഗ്രികളുടെയും ഈ ജോലി ചെയ്യുന്നതിനാവശ്യമായ ജീവനക്കാരൻറെയും ചിലവുകൾ , പരീക്ഷാർത്ഥികൾക്കും മറ്റ് ജീവനക്കാർക്കുമുള്ള ഹാൻഡ് സാനിറ്റൈസർ , ലികിഡ് ഹാൻഡ് വാഷ് ഉപയോഗിച്ച് കൈ കഴുകുന്നതിനുള്ള ക്രമീകരങ്ങൾ, പരീക്ഷാ ജോലികളുടെ ചുമതല വഹിക്കുന്ന ജീവക്കാർക്കുള്ള മുഖാവരണം, ഹാൻഡ് ഗ്ലൗസ്, ഫെയ്സ് ഷീൽഡ് എന്നിവയ്ക്കുള്ള ചിലവുകൾ, പരീക്ഷ നടക്കുന്ന കേന്ദ്രങ്ങളിൽ ആവശ്യം വന്നാൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനുള്ള ചിലവ്, പരീക്ഷാർത്ഥികളുടെ താപനില പരിശോധിക്കുന്നതിനുള്ള തെർമൽ സ്കാനറിനുള്ള ചിലവ്, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൻറെ ഭാഗമായി ഉണ്ടാകുന്ന മറ്റ് ചിലവുകൾ എന്നിവ കണക്കാക്കി പരീക്ഷാ കേന്ദ്രങ്ങൾക്ക് നൽകികൊണ്ടിരുന്ന അമിനിറ്റീസ് ചാർജ് കൂടാതെ ഒരു ദിവസം 500 ൽ താഴെ അപേക്ഷകരുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് പ്രതിദിനം 3500/- രൂപയും 500 ന് മുകളിൽ അപേക്ഷകരുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് പ്രതിദിനം 4500/- രൂപയും എന്ന രീതിയിൽ അനുവദിക്കാമെന്നും ശിപാർശ ചെയ്തു..
6. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷാ നടത്തുന്നതിൻറെ ഭാഗമായി കോട്ടയം, എറണാകുളം എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ നിലവിലുള്ള പരീക്ഷാ കേന്ദ്രത്തിന് പുറമെ ഓരോ പരീക്ഷാ കേന്ദ്രം കൂടി കൂടുതലായി ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നു.. ഇതു പ്രകാരം നിലവിൽ കോട്ടയം,എറണാകുളം എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ അപേക്ഷിച്ചിട്ടുള്ളവരിൽ നിശ്ചിത എണ്ണം പരീക്ഷാർത്ഥികളെ പുതിയതായി ഏർപ്പെടുത്തിയ പരീക്ഷാ കേന്ദ്രത്തിലേക്ക് മാറ്റേണ്ടതുണ്ട്. ഇതിനായി മുൻ വർഷങ്ങളിൽ പരീക്ഷാ നടത്തുന്നതിൻറെ അടിസ്ഥാനത്തിൽ 4 സെഷനിലായി തയ്യാറാക്കിയിട്ടുള്ള പരീക്ഷാ ഷെഡ്യൂളിലെ ഓരോ സെഷനിലുമുള്ള നിശ്ചിത എണ്ണം പ്രോഗ്രാമുകൾ പുതിയതായി ഏർപ്പെടുത്തിയ പരീക്ഷാ കേന്ദ്രത്തിലേക്ക് മാറ്റി പരീക്ഷ നടത്തേണ്ടതാണെന്ന് ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു: വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #1 of File 44800/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 21-Sep-2020 10:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(2 ) രജിസ്ട്രാറുടെയും , പരീക്ഷാ കൺട്രോളറുടെയും പി.എ
മാർക്ക്

(3 ) എല്ലാ പഠന വകുപ്പ് മേധാവി മാർക്കും / ഇന്റർ സ്കൂൾ സെന്റർ ഡയറക്ടർക്കും

(4 )CAT മോണിറ്ററിംഗ് സമിതി അംഗങ്ങൾക്ക്

(5 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(6 ) എ.ആർ 4 (അക്കാദമിക് ) / AR XXII( പരീക്ഷ )

(7 ) എ ഡി എ 3 ,ഓഡിറ്റ് I ,III ,എക്സാം ഓഡിറ്റ് സെക്ഷനുകൾ

(8 ) CITAD സെക്ഷൻ

(9 ) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 44800/AC B7-3/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 21-Sep-2020 10:13 PM - Page 3